ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന പോഷകാഹാര ഗവേഷണ കേന്ദ്രം കേരളത്തിലെ വിവിധ തീരദേശ മേഖലയിലെ (തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ)കുട്ടികൾക്കിടയിൽ (10-13 വയസ്സ്) നടത്തിയ പ്രാഥമിക പോഷണ നിലവാര നിർണ്ണയ സർവ്വേയിൽ തീരദേശ മേഖലയിലെ കുട്ടികൾക്ക് പോഷകാഹാരക്കുറവുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അദ്ധ്യാപകർ എന്നിവർക്ക് പ്രായോഗിക പോഷണത്തിൽ അവബോധം സൃഷ്ടിക്കുകയാണ് കുട്ടികളിലെ പോഷണ വൈകല്യം പരിഹരിക്കാനുതകുന്ന പ്രവർത്തനങ്ങളിൽ പ്രധാനം. പോഷകാഹാര ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലും ആരോഗ്യ സ്ഥാപനങ്ങൾവഴിയും ഇത്തരം പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ബി) തീരദേശ മേഖലയിലെ കുട്ടികളിലെ പോഷകാഹാരക്കുറവിനെ കുറിച്ച് വിപുലമായ പഠനം നടത്തുവാൻ സംസ്ഥാന പോഷകാഹാര ഗവേഷണ കേന്ദ്രം ഉദ്ദേശിക്കുന്നുണ്ട്.

രോഗികൾക്കുള്ള ഭക്ഷണം

74 (6779) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ഒരു രോഗിക്ക് ഒരു ദിവസം രണ്ട് നേരത്തേക്കായി എത്ര ഗ്രാം അരിയുടെ കഞ്ഞിയും പയറുമാണ് നൽകിവരുന്നത് ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) രോഗികൾക്ക് നൽകുന്ന ഭക്ഷണ വിതരണരീതി നിലവിലുള്ളതിൽ നിന്നും ഉയർത്തി 250 ഗ്രം അരിയുടെ കഞ്ഞിയും 100 ഗ്രം പയറും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ ഒഴികെയുള്ള ആശുപത്രികളിൽ ഇപ്പോൾ ഒരു രോഗിക്ക് ഒരു ദിവസം രണ്ട് നേരത്തേക്കായി 200 ഗ്രാം അരിയുടെ കഞ്ഞിയും, 60 ഗ്രാം പയറുമാണ് നൽകിവരുന്നത്. ഉത്തരവുകളുടെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

(ബി) ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

അനദറിറ്റിക്കൽ ലാബുകൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ

75 (6780) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly